# File No.ANERT-TECH/256/2018-TO(MJ)

No: ANERT-TECH/256/2018-TO(MJ) 06/03/2020

**<u>സർക്കുലർ</u>**

വിഷയം –അനെർട്ട്, **PM-KUSUM** പ്രോജക്ട് **Component** C കാർഷിക പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്ന പദ്ധതി മാർഗ്ഗരേഖ സംബന്ധിച്ച്.

സൂചന - F.No 32/645/2017-SPV Division തിയതി 22.07.2019ലെ MNRE, Govt. of India യുടെ PM-KUSUM സംബന്ധിച്ച Guidelines

മേൽ സൂചനപ്രകാരം, MNRE, Govt. of India കർഷകർക്കുള്ള PM-KUSUM പദ്ധതി നടത്തുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. ഈ പദ്ധതിയിലെ Component C പ്രകാരം നിലവിൽ കാർഷിക ഉപയോഗത്തിനുള്ള പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്ന പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ ചുവടെ ചേർക്കുന്നു.

1) ഈ പദ്ധതി പ്രകാരം 1 Hp പമ്പ് സോളാറിലേക്ക് മാറ്റുന്നതിന് കുറഞ്ഞത് 1 kW സോളാർ പവർ പ്ലാന്റ് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. 1 Hp പമ്പ് സോളാറിലേയ്ക്ക് മാറ്റുന്നതിന് MNRE Bench Mark പ്രകാരം 54,000/- രൂപ ചെലവുവരും. 1 Hp ക്ക് 2 kW എന്ന കണക്കിന് 7.5 Hp ക്ക് പരമാവധി 15 kW വരെ സോളാർ പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്.

2) ഈ തുകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60% തുക സബ്സിഡി ആയി നൽകുന്നതാണ്. ബാക്കി 40% തുക ഗുണഭോക്തൃവിഹിതമായി കർഷകർ നൽകേണ്ടതാണ്.

3) കെ എസ് ഇ ബി യിൽ നിന്ന് നിലവിലുള്ള പമ്പിനുള്ള കണക്ഷൻ അഗ്രിക്കൾച്ചറൽ ഉപയോഗത്തിന് ആയിരിക്കണം

4) 1 kW സോളാർ പവർ പ്ലാന്റിന് $10m^2$/100sqft എന്ന കണക്കിന് നിഴൽ രഹിതസ്ഥലം ആവശ്യമാണ്.

5) സോളാർ പാനൽ സ്ഥാപിക്കുന്ന സ്ഥലവും എനർജി മീറ്റർ സ്ഥാപിക്കുന്ന സ്ഥലവും തമ്മിലുള്ള അകലം 50 മീറ്ററിൽ കൂടുവാൻ പാടില്ല. അതിന് മുകളിലുള്ള ദൂരത്തിന് ഗുണഭോക്താവ് അധിക ചെലവ് നൽകേണ്ടതാണ്.

6) 7.5 Hp ക്ക് മുകളിൽ കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്ന പമ്പുകൾക്ക് 7.5 Hp എന്ന കണക്കിന് അതിന്റെ ഇരട്ടി (15 kW)വരെ സോളാർ പാനൽ സ്ഥാപിക്കാവുന്നതാണ്.

7) ഈ പദ്ധതിയ്ക്കായി 1690/- രൂപ രജിസ്ട്രേഷൻ ഫീസ് ജില്ലാ ഓഫീസിൽ വാങ്ങേണ്ടതാണ്. അതിൽ 500/- രൂപ സൈറ്റ് ഫീസിബിലിറ്റി നടത്തുന്നതിന് ഊർജ്ജമിത്ര സെന്ററിൽ നൽകാവുന്നതാണ്. ഫീസിബിലിറ്റിക്ക്₹ 1000+18%GST+1%Flood Cess രൂപ കെ എസ് ഇ ബി ചെലവാക്കാവുന്നതാണ്. സൈറ്റ് ഫീസിബിലിറ്റി ഇല്ലായെങ്കിൽ കെ എസ് ഇ ബി ഫീസിബിലിറ്റിക്കുള്ള 1000 രൂപ തിരികെ ഗുണഭോക്താവിന് നല്കേണ്ടതാണ്.

8) ഫീസിബിലിറ്റി ഉണ്ടാകുന്ന പക്ഷം ഗുണഭോക്താവിൽ നിന്നും 1 kWന് 54,000/- രൂപ എന്ന കണക്കിന് അതിന്റെ 40% തുക ഗുണഭോക്തൃവിഹിതമായി അനെർട്ടിന്റെ ജില്ലാ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്.

9) ഗുണഭോക്തൃവിഹിതം നൽകി കഴിഞ്ഞ് അനെർട്ട് സോളാർ പമ്പിനായി എംപാനൽമെന്റ് ചെയ്ത ഏജൻസികളിൽ നിന്നും ഗുണഭോക്താവിന് താല്പര്യമുള്ളവരെ തെരഞ്ഞെടുത്ത് സോളാർ പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്.

10) സോളാർ പാനലുകൾ തുറസായ സ്ഥലത്തോ, റൂഫ് ടോപ്പിലോ സ്ഥാപിക്കാവുന്നതാണ്.

11) വളരെയധികെ പഴക്കം ചെന്ന പമ്പുകൾക്കും കമ്പ്രസർ പമ്പുകൾക്കും ഇന്ധനക്ഷമത കുറവായതിനാൽ വളരെയധികം വൈദ്യുതി പാഴായിപ്പോകുന്നു. ആയതിനാൽ ഈ പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും ലഭിക്കുന്നതല്ല.

12) പബ്ലിസിറ്റിയുടെ ഭാഗമായി ജില്ലയിലെ 20 പ്രധാനകേന്ദ്രങ്ങളിൽ 8`x3` സൈസിലുള്ള ബാനറുകൾ പ്രദർശിപ്പിക്കേണ്ടതാണ്. ഇതിനുള്ള അഡ്വാൻസ് തുകയായ 10,000/- രൂപ(₹500x20Nos) അനെർട്ടിന്റെ ഫിനാൻസ് സെക്ഷനിൽ നിന്ന് ജില്ലാ ഓഫീസിലേയ്ക്ക് കൈമാറേണ്ടതാണ്. ഇതിനുള്ള തുക ഈ വർഷത്തെ ഭരണാനുമതിയിലെ Solarisation of Agricultural Pump പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

13) പമ്പ് കണക്ട് ചെയ്തിരിക്കുന്ന എനർജി മീറ്ററിന്റെ ബില്ല് അഗ്രിക്കൾച്ചറൽ താരിഫ് ആയിരിക്കണം. കൂടാതെ കൃഷി ആവശ്യത്തിനുള്ള കണക്ഷൻ

ആണെന്നും, കൃഷി ആവശ്യത്തിനാണ് ഉപയോഗിക്കുന്നത് എന്നും ഉറപ്പുവരുത്തുന്നതിന് ഗുണഭോക്താവിന്റെ പ്രത്യേക സാക്ഷ്യപത്രം വാങ്ങേണ്ടതാണ്.

14) അതാത് കൃഷിഭവനുമായി ബന്ധപ്പെട്ടോ/ഊർജ്ജമിത്ര വഴിയോ താല്പര്യമുള്ള കർഷകർക്ക് സോളാർ പമ്പ് പദ്ധതിസംബന്ധിച്ച് ബോധവത്ക്കരണക്ലാസ് നടത്തേണ്ടതാണ്. ബോധവത്ക്കരണക്ലാസിൽ പങ്കെടുക്കുന്ന കർഷകർക്ക് ചായ, സ്നാക്സ് നൽകുന്നതിന് ബാനർ സ്ഥാപിക്കുന്നതിനും 1000 രൂപയിൽ കവിയാത്ത തുക അനെർട്ടിന്റെ കണ്ടിജന്റ് അഡ്വാൻസിൽ നിന്നും ചെലവാക്കാവുന്നതാണ്. പരമാവധി ഒരു ജില്ലയിൽ 10 ബോധവത്ക്കരണ ക്ലാസുകൾ നടത്താവുന്നതാണ്. ഈ തുകയും അനെർട്ടിന്റെ Solarisation of Agricultural Pump എന്ന ഈ വർഷത്തെ ഭരണാനുമതിയിൽ നിന്നും ചെലവാക്കേണ്ടതാണ്.

15) നിലവിലുള്ള പമ്പ് സോളാറിലേക്ക് മാറ്റുന്നതിന് കർഷകർക്ക് കുറഞ്ഞത് 25 സെന്റ് കൃഷിസ്ഥലം ഉണ്ടായിരിക്കണം.

16) പമ്പ് സ്ഥാപിക്കുന്ന കൃഷി സ്ഥലത്തിന്റെ തനത് വർഷം കരം ഒടുക്കിയ രസീതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.

Sd/-
General Manager

പകർപ്പ്:
എല്ലാ സയന്റിസ്റ്റുമാർക്കും
എല്ലാ ജില്ലാ എഞ്ചിനീയർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
ഫിനാൻസ് മാനേജർ
അക്കൗണ്ട്സ് ഓഫീസർ
ഓഫീസ് കോപ്പി